(Pages : 4)

**P – 1036**

Reg. No. : ..............................

Name : ..................................

# Second Semester B.A./B.Sc. Degree Examination, September 2022

## First Degree Programme under CBCSS

## Language Course V – Additional Language – Malayalam

## ML 1211.1 : ഗദ്യസാഹിത്യം

## (2021 Admission)

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ **ഒരു** വാക്യത്തിലോ ഉത്തരം എഴുതുക.

1. "ഈ വാക്യം മാത്രം മായാതെ ഓർമ്മയിൽ കിടക്കുന്നു. അത് ഒരു ഈശ്വരനാമം എന്നപോലെ അയാർ മന്ത്രിച്ചു" - ഏതാണ് ആ വാക്യം?

2. "അദ്ദേഹത്തിന് ഇരുപത്തിനാലു തിരുവയസ്സു തികയുന്നു. അതോടെ അത്ഭുതം സംഭവിക്കുകയാണ്" - എന്താണ് സംഭവിച്ച അത്ഭുതം?

3. സേവിയുടെ ആദ്യത്തെയും ഏറ്റവും വലുതുമായ തിരുമുറിവ് എന്തായിരുന്നു?

4. "സ്നേഹത്തിന്റെ ശ്രാദ്ധം" എന്ന ചെറുകഥ ഉൾപ്പെടുന്ന ഒ.വി. വിജയന്റെ കഥാസമാഹാരം ഏത്?

5. 'ല്യ, മോളെ, അച്ഛൻ പാപത്തിന്റെ മാർഗ്ഗാ സ്വീകരിച്ചത്' - എന്താണ് അച്ഛൻ സ്വീകരിച്ച പാപത്തിന്റെ മാർഗ്ഗം?

6. വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ തൂലികാനാമം എന്ത്?

7. തകഴിയെഴുതിയ ഏറ്റവും വലിയ നോവൽ ഏത്?

8. തിരുവിതാംകൂറിന്റെ ചരിത്രാഖ്യായികകളിലൂടെ പ്രശസ്തനായ ആദ്യകാല മലയാള നോവലിസ്റ്റ് ആരാണ്?

P.T.O.

9. ''ക്രിയേറ്റിവിറ്റി ആൻഡ് ഡിസീസ്'' എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ കർത്താവ് ആര്?

10. ഇന്ത്യ സ്വതന്ത്രമാകുന്നതിനെക്കുറിച്ചുള്ള പ്രഖ്യാപനം നടത്തിയ ബ്രിട്ടീഷ് പ്രധാനമന്ത്രി ആര്?

**(10 × 1 = 10 Marks)**

II. **50** വാക്കിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിനു ഉത്തരമെഴുതുക.

11. സന്ദർഭം വ്യക്തമാക്കുക : ''ഒരാൾ ഒരു കമ്പൊടിച്ച് കൂട്ടിയിട്ടിരുന്ന ചോറിന്റെ മുകളിൽ വിലക്കുകുത്തി. 'ഈ മളക്കു കഴിഞ്ഞിട്ടു ചോറ്റേ തൊട്ടാ മതി' ''.

12. ''മരണത്തിന്റെ അർത്ഥം അവർ അറിഞ്ഞിരുന്നില്ല തീർച്ച!'' - സന്ദർഭം വ്യക്തമാക്കുക.

13. ഒ.വി. വിജയനെക്കുറിച്ച് ചെറുകുറിപ്പ് തയ്യാറാക്കുക.

14. റിപ്പബ്ലിക് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

15. കേരളത്തെ സംബന്ധിച്ച് ഗുരു കണ്ടെത്തിയ ശരിയായ രോഗം എന്താണെന്നാണ് കെ.പി. അപ്പൻ നിരീക്ഷിക്കുന്നത്?

16. പട്ടേൽപദ്ധതി എന്നാൽ എന്തെന്ന് വ്യക്തമാക്കുക.

17. ''കുറച്ചു കഷ്ടപ്പെട്ടിട്ടാണ് അതിന്റെ തിരകളിൽ നിന്നും സേവി നീന്തിക്കയറിയത്'' - സന്ദർഭം വ്യക്തമാക്കുക.

18. ചാത്തനും കോരനും തമ്മിലുള്ള തീവ്രമായ സ്നേഹവും സൗഹൃദവും വ്യക്തമാക്കുന്ന രണ്ട് സന്ദർഭങ്ങൾ സൂചിപ്പിക്കുക.

19. ''ഈ തറവാട്ടില് ഒരുപാട് പാപത്തിന്റെ ഭാരാ. സ്നേഹല്ലായ്മടെ'' - സന്ദർഭം വ്യക്തമാക്കുക.

20. എന്താണ് സാന്ത്വനചികിത്സ?

21. ''രോഗമൂർദ്ധന്യത്താൽ ജീവനറ്റുപോയ ശരീരവും മിഴികളും വാടിപ്പോയ തൈച്ചെടികൾ മഴയ്ക്കു ശേഷം തളിർത്തപോലെ തലയുയർത്തി'' - എങ്ങനെയാണ് രജനിയിൽ ഈ മാറ്റങ്ങൾ സംഭവിച്ചത്?

22. ''എത്ര പറഞ്ഞാലും നിങ്ങൾക്ക് മനസ്സിലാവില്ല. നോക്കൂ. നമ്മുടെ മകൾക്ക് ഒരു പതിനേഴിന്റെ പൊലിമയുണ്ട്. പക്ഷേ, അവളുടെ പ്രകൃതം ഏഴോ എട്ടോ വയസ്സായ കുട്ടിയുടേതും'' - സന്ദർഭം വ്യക്തമാക്കുക.

23. 'അമ്മ നിലവിളിച്ചില്ല, കഠിനമായ ദുഃഖത്തെ ഉള്ളിലമർത്തി നനുക്കെ കണ്ണീരൊഴുക്കി' - എന്താണ് അമ്മയുടെ ദുഃഖത്തിനു കാരണം?

24. മലയാളനോവൽസാഹിത്യചരിത്രത്തിൽ ഇന്ദുലേഖയ്ക്കുള്ള പ്രാധാന്യം വ്യക്തമാക്കുക.

25. നോവൽ എന്ന സാഹിത്യരൂപത്തിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ വ്യക്തമാക്കുക.

26. മലയാളനോവൽസാഹിത്യചരിത്രത്തിൽ സി.വി. രാമൻപിള്ള അടയാളപ്പെടുത്തപ്പെടുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

27. മലയാളിയുടെ സംഗീതഭാവുകത്വത്തിന് സ്വാതിതിരുനാൾ മഹാരാജാവ് നൽകിയ സംഭാവനകളെ വിലയിരുത്തുക.

28. ''കുസുമത്തിന് ഞാൻ ഇന്ത്യ പരിചയപ്പെടുത്താം'' കുമാര മേനോൻ എങ്ങനെയാണ് ഇന്ത്യയെ പരിചയപ്പെടുത്തുന്നത്?

29. 'ഏതായാലും മലയാളമാതാവും തെലുങ്കുമാതാവുമായി ആനയുടെയും ആനക്കാരന്റെയും രൂപത്തിൽ കലശലായ സംഘർഷം തന്നെ' - സന്ദർഭം വ്യക്തമാക്കുക.

30. ഉച്ചാരണവിഷയത്തിൽ ഇംഗ്ലീഷ് എങ്ങനെയാണ് 'നെറിയില്ലാത്ത' ഭാഷയാകുന്നത്?

31. ''ആക്ഷേപഹാസ്യവും നർമ്മോക്തികളും ചേർന്ന് ഹൃദ്യമായ വായനാനുഭവം പ്രദാനം ചെയ്യുന്ന ഉപന്യാസമാണ് എ.പി. ഉദയഭാനുവിന്റെ 'ആനയും അല്പം തെലുങ്കും'. '' - വിലയിരുത്തുക.

32. മദിരാശിപ്പിത്തലാട്ടം എന്ന കഥയിലെ നായകന് പറ്റിയ അമളി എന്ത്?

33. ലോകത്തിന്റെ കാപട്യം തിരിച്ചറിയാതെ പോകുന്ന നിഷ്കളങ്കതയുടെ ദൈന്യത പാവക്കുട്ടി എന്ന കഥയിൽ അനാവരണം ചെയ്യപ്പെടുന്നതെങ്ങനെയെന്ന് വിവരിക്കുക.

34. നഗരത്തിന്റെ തിരക്കുകളിൽനിന്ന് സ്വന്തം ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും വേരുകളിലേക്ക് തിരിഞ്ഞു നടക്കുന്ന മനുഷ്യനെ 'സ്നേഹത്തിന്റെ ശ്രാദ്ധം' എന്ന കഥ അടയാളപ്പെടുത്തുന്നത് എങ്ങനെയെന്ന് വിവരിക്കുക.

35. ''ഞങ്ങൾ നിങ്ങൾക്ക് സ്നേഹവും ആദരവും തരാം. ഞങ്ങളുടെ പരമ്പര നിങ്ങളുടെ കൃപയിൽ ഐശ്വര്യം പ്രാപിയ്ക്കട്ടെ'' - സന്ദർഭം വ്യക്തമാക്കുക.

36. ഡോ. എം. ലീലാവതിക്ക് തന്റെ വിദ്യാഭ്യാസ കാലഘട്ടത്തിൽ പെൺകുട്ടി എന്ന നിലയിൽ നേരിടേണ്ടിവന്ന വിവേചനങ്ങളും വെല്ലുവിളികളും എന്തൊക്കെയെന്ന് വിശദീകരിക്കുക.

37. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടിന്റെയും വേദനയുടെയും തീവ്രത ബി. മുരളിയുടെ 'ജഢങ്ങളിൽ നല്ലവൻ' എന്ന കഥയിൽ ആവിഷ്കരിക്കപ്പെടുന്നത് എങ്ങനെയെന്ന് വിശദമാക്കുക.

38. ഗുരു ചരിത്രത്തിലെ മാന്ത്രികനായ സന്യാസിയാണെന്ന കെ.പി. അപ്പന്റെ നിരീക്ഷണത്തെ വിമർശനാത്മകമായി വിലയിരുത്തുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിനു ഉത്തരമെഴുതുക. (**15** മാർക്ക് വീതം)

39. ഇന്ത്യൻ സംഗീതപാരമ്പര്യത്തിന് കേരളം നൽകിയ സംഭാവനകൾ സ്വാതിയുടെ സന്നിധിയിൽ എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദമാക്കുക.

40. ബ്രിട്ടീഷ് ഇന്ത്യയിൽനിന്ന് സ്വതന്ത്രഇന്ത്യയിലേക്കും റിപ്പബ്ലിക്കിലേക്കുമുള്ള ഇന്ത്യയുടെ സഞ്ചാരത്തിന്റെ പ്രധാന ചരിത്രസന്ദർഭങ്ങളും പ്രക്രിയകളും പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദമാക്കുക.

41. കുട്ടനാടിന്റെ വയലേലകളിൽ കഠിനാധ്വാനം ചെയ്ത കർഷകത്തൊഴിലാളിയുടെ ജീവിതം യഥാതഥമായി ആവിഷ്കരിക്കുന്നതിൽ അസാമാന്യവിജയം നേടിയ നോവലാണ് തകഴിയുടെ രണ്ടിടങ്ങഴി - വിലയിരുത്തുക.

42. ഉദയഭാനു തന്റെ ലേഖനത്തിൽ ഉദ്ധരിക്കുന്ന ആനയുടെ കഥ അതിന്റെ പ്രസക്തി എന്നിവ വിശദമാക്കുക.

43. ഗ്രേസിയുടെ പാവക്കുട്ടി എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

44. 'ഭരണ പ്രതിപക്ഷ കക്ഷികളുടെ രാഷ്ട്രീയ മുതലെടുപ്പിന്റെ പ്രവർത്തനങ്ങൾ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ഉണ്ടാക്കുന്ന പ്രശ്നങ്ങളെ തന്മയത്വത്തോടെയും ഹാസ്യാത്മകമായും ആഖ്യാനം ചെയ്യുന്ന കഥയാണ് ബഷീറിന്റെ വിശ്വവിഖ്യാതമായ മൂക്ക്' - വിലയിരുത്തുക.

**(2 × 15 = 30 Marks)**

---